ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള
മെത്രാപ്പൊലീത്തൻ ആർച്ചുബിഷപ്പിനും മെത്രാപ്പോലിത്താമാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 3/2008

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ
ത്രീയേക ദൈവത്തിനു സ്തുതി.

## മലങ്കര കത്തോലിക്കാ സഭയുടെ കാനോനിക ഭൂപരിധിക്ക്പുറത്ത് വസിക്കുന്ന മലങ്കരമക്കളുടെ അജപാലന ശുശ്രൂഷ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശ്ശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ക്യംതാ-പെന്തക്കോസ്താകാലങ്ങളുടെ അനുഗ്രഹ ആശംസകൾ!

അനുഗ്രഹീതമായ ഈ കാലയളവിൽ കർത്താവായ യേശുക്രിസ്തുവിന്റെ പെസഹാ രഹസ്യമാകുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും നാം ആരാധനാപരമായി ഓർമ്മിച്ചു. തന്റെ ഉത്ഥാനത്തിലൂടെ അവിടുന്ന് സഭയെ വീണ്ടെടുക്കുകയും രൂപീകരിക്കുകയും ചെയ്തു. തന്റെ വചനത്താലും

ശരീര രക്തങ്ങളാലും പരിപോഷിപ്പിക്കപ്പെട്ട തന്റെ ജനത്തെ പരിശുദ്ധാത്മ ആവാസത്താൽ, ദൈവരാജ്യത്തിന്റെ തുടർച്ചയായി, പെന്തക്കോസ്താദിനം അവിടുന്ന് സഭയായി സംസ്ഥാപിച്ചു.

ദൈവരാജ്യത്തിന്റെ സുവിശേഷം സഭയിലൂടെ സകല സൃഷ്ടികളോടും പ്രസംഗിക്കപ്പെടുവാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും തന്റെ ശിഷ്യന്മാർക്ക് നൽകി. ''ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും'' (മത്താ 28: 19-20) എന്ന ആജ്ഞയും ഉറപ്പും അവർക്കു നൽകി. 'യേശു നിർദ്ദേശിച്ചതുപോലെ' (മത്താ 28:16) വിശുദ്ധ ശ്ലീഹന്മാർ ലോകത്തിന്റെ അതിർത്തികളോളം എത്തുകയും ഈ ദൗത്യം നിർവഹിക്കുകയും ചെയ്തു. ശ്ലീഹന്മാരുടെ പിൻഗാമികളിലൂടെയും സുവിശേഷ വെളിച്ചം സ്വീകരിച്ച സകല ക്രൈസ്തവരിലൂടെയും ഈ ദൗത്യം ഇന്നും അനുസ്യൂതം നിർവഹിക്കപ്പെടുന്നു. നാം ക്രൈസ്തവരായിരിക്കുന്നതിനാൽത്തന്നെ ലോകത്തിലെവിടെ ആയിരുന്നാലും ഈ ദൗത്യത്തിൽ നാം പങ്കാളികളാണ്.

ഭാരതസഭയ്ക്ക് കൈവന്ന ഒരു വലിയ അനുഗ്രഹമാണ് ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹായാൽനിന്നുതന്നെ ഈ സുവിശേഷം ഏറ്റുവാങ്ങുന്നതിനും അപ്പസ്തോലിക പൈതൃകത്തിൽ അവൾ സംസ്ഥാപിതമാകുന്നതിനും ദൈവം തിരുമനസ്സായി എന്നത്. മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ അവളുടെ അപ്പ സ്തോലിക പൈതൃകത്തിൽ എന്നും അഭിമാനം കൊള്ളുന്നവളാണ്. ഈ പൈതൃകം സംരക്ഷിക്കുന്നതിലുള്ള തീക്ഷ്ണമായ യത്നത്തിൽ സാർവത്രികസഭാകൂട്ടായ്മയിൽ നിന്നും മാറിപ്പോകേണ്ടിവന്നു എന്നത് വേദനാജനകമായ ചരിത്രവസ്തുതയാണല്ലോ. മലങ്കരസഭാഗാത്രത്തി ലുണ്ടായ ഈ മുറിവിനെ ഉണക്കുന്നതിനും, തങ്ങളുടെ സഭാ പാരമ്പ ര്യങ്ങൾ നഷ്ടപ്പെടാതെ സാർവത്രിക കൂട്ടായ്മ വീണ്ടെടുക്കുന്നതി നുമാണ് ഭാഗ്യസ്മരണാർഹനും, പുണ്യശ്ലോകനുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് എല്ലാം ഉപേക്ഷിച്ച് കത്തോലിക്കാ സഭാ

സംസർഗ്ഗത്തിൽ വന്നതും, പുനരൈക്യപ്രസ്ഥാനത്തിന് ആരംഭം കുറിച്ചതും. നമ്മുടെ പിതാക്കന്മാർ വളരെ ത്യാഗം സഹിയ്ക്കേണ്ടിവന്നിട്ടുണ്ടെങ്കിലും, "എല്ലാവരും ഒന്നാകണമേ" (യോഹ 17:21-23) എന്ന ദൈവപുത്രന്റെ പ്രാർത്ഥന സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടിയായിരുന്നതിനാൽ ദൈവത്തിന്റെ കരം അവരോടുകൂടെയുണ്ടായിരുന്നു. പുനരൈക്യപ്രസ്ഥാനത്തെ ദൈവം അനുഗ്രഹിച്ചു. സാർവത്രിക കൂട്ടായ്മയിൽ അതിശീഘ്രം വളരുന്ന ഒരു സഭയായി അവൾ മാറി. സ്വയംഭരണാവകാശമുള്ള ഒരു സഭയായി അംഗീകരിക്കപ്പെട്ടു. ദൈവപരിപാലനയെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. മലങ്കര കത്തോലിക്കാസഭാമക്കളായിരിക്കുന്നതിൽ അഭിമാനം കൊള്ളാം. തുടർന്നും മലങ്കരസഭാസമൂഹങ്ങളുടെ സാർവ്വത്രിക ഐക്യത്തിനായി നമുക്ക് പ്രയത്നിക്കാം. ഇത് ദൈവദത്തമായ ദൗത്യമായതിനാൽ ലോകത്തിന്റെ ഏത് ഭാഗത്തായാലും ഈ ദൗത്യം നിർവ്വഹിക്കുന്നതിൽ നാം പ്രത്യേക ശ്രദ്ധയുള്ളവരായിരിക്കണം.

നമ്മുടെ ഭദ്രാസനങ്ങളുടെ അതിർത്തിക്കുപുറത്ത് ലോകത്തിന്റെ വിവിധഭാഗങ്ങളിലായി ധാരാളം മലങ്കര കത്തോലിക്കാ സഭാമക്കൾ വസിക്കുന്നുണ്ട്. പല സ്ഥലങ്ങളിലും നമ്മുടെ സഭാമക്കൾ വലിയ മിഷനറിമാരായി വർത്തിക്കുന്നു. പല സ്ഥലങ്ങളിലും നമ്മുടെ സഭാകൂട്ടായ്മ രൂപപ്പെടുത്തുന്നതിന് നേതൃത്വം നൽകിയവരാണ് നമ്മുടെ അല്മായർ. ചില സ്ഥലങ്ങളിൽ വൈദിക ശുശ്രൂഷ ലഭ്യമാക്കുന്നതിനുമുമ്പ് അനേക വർഷങ്ങൾ അല്മായ സഹോദരങ്ങൾ നേതൃത്വം വഹിച്ച് നമ്മുടെ കൂട്ടായ്മയിൽപ്പെട്ടവരെ ഒന്നിച്ചുനിർത്തി മലങ്കരസഭാ ഇടവകകളായി രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ചിലർ തങ്ങളുടെ ഔദ്യോഗിക ജോലി കഴിഞ്ഞുള്ള സമയം മലങ്കര സഭാമക്കളെ തേടി കണ്ടുപിടിച്ച് അവരെ ഒരു കൂട്ടായ്മയായി രൂപപ്പെടുത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്. ഭദ്രാസനങ്ങളുടെ അതിർത്തിക്കുപുറത്തുള്ള നമ്മുടെ സഭാസമൂഹങ്ങളുടെയും ഇടവകകളുടെയും രൂപീകരണത്തിൽ അല്മായ സഹോദരങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട് എന്നത് സന്തോഷത്തോടെ ഞാൻ അനുസ്മരിക്കുന്നു.

ഭാരതത്തിലും, അമേരിക്കൻ ഭൂഖണ്ഡങ്ങളിലും ഏഷ്യയിലെ ഇതര ഭൂപ്രദേശങ്ങളിലും യൂറോപ്പിലും ആസ്ട്രേലിയയിലും നമ്മുടെ സഭയുടേതായ കൂട്ടായ്മകൾ രൂപീകരിച്ച് കാനോനിക ക്രമീകരണങ്ങൾ നാം ചെയ്തുകൊണ്ടിരിക്കുകയാണ്. അമേരിക്ക-യൂറോപ്പ് പ്രദേ

ശങ്ങളിൽ അപ്പസ്തോലിക വിസിറ്റേറ്ററായി അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ നേതൃത്വത്തിൽ നമ്മുടെ സഭാക്കൂട്ടായ്മകൾ പ്രബലപ്പെട്ട് വളർന്നുവരുന്നതിൽ നാമേവരും അതിയായി സന്തോഷിക്കുന്നു. ഭാരതത്തിൽതന്നെ നമ്മുടെ സഭയുടെ ഇപ്പോഴത്തെ കാനോനിക ഭൂപരിധിക്കുപുറത്ത് മലങ്കര സഭാമക്കൾക്ക് അപ്പസ്തോലിക് വിസിറ്റേറ്ററായി നിയമിതനായ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി അജപാലന ശുശ്രൂഷ ഏറ്റെടുത്തതോടെ ഈ പ്രദേശത്ത് സഭയ്ക്ക് കൂടുതൽ ദൈവീക ശക്തിയും സഭാക്രമവും കൈവന്നിട്ടുണ്ട്. ക്രമേണ ഇവിടെയൊക്കെ ഉപരിയായ കാനോനിക സംവിധാനങ്ങൾ നിലവിൽ വരുമെന്ന് നമ്മൾ പ്രത്യാശിക്കുന്നു. ഈ പ്രദേശങ്ങളിലൊക്കെയും ഏറെ തീക്ഷ്ണതയോടെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ജാഗ്രതയോടും കഠിനാദ്ധ്വാനത്തോടും പ്രവർത്തിക്കുന്ന നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരെയും ബ. വൈദികരെയും സന്യസ്തരെയും അല്മായ വിശ്വാസികളേയും ഹൃദയംഗമമായ നന്ദിയോടെ അനുസ്മരിക്കുന്നു.

മലങ്കരസഭാമക്കൾ എവിടെയായിരുന്നാലും അതാതു സ്ഥലങ്ങളിൽ തങ്ങളുടെ സഭാ പൈതൃകം സംരക്ഷിക്കുന്നതിനും, സഭാത്മകമായ മുന്നേറ്റം നടത്തുന്നതിനും ശ്രമിക്കണം. സാധ്യമാകുന്നിടത്തെല്ലാം നമ്മുടേതായ സംവിധാനങ്ങൾ ഉണ്ടാകുന്നതിനുള്ള സാദ്ധ്യതകൾ ആരായണം. ഇതിന് നാം ക്രമീകരണങ്ങൾ ചെയ്തിട്ടില്ലാത്ത സ്ഥലങ്ങളിലും താമസിയാതെ സാദ്ധ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. നമ്മുടേതായ ക്രമീകരണങ്ങൾ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ സഭാത്മക ജീവിതം ശക്തിപ്പെടുത്തിക്കൊണ്ട് ആഗോളസഭയിൽ മാതൃകകളായി നാം മുന്നേറണം.

ചില പ്രധാനകാര്യങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തട്ടെ. നമ്മുടെ ബ. വൈദികരുടേതായ ശുശ്രൂഷ ലഭ്യമല്ലാതിരുന്ന പല സ്ഥലങ്ങളിലും നമ്മുടെ ആളുകൾ മറ്റ് സഭാ സമൂഹങ്ങളിൽ കൂടി നടന്നിട്ടുണ്ട്. പലരും ആ സ്ഥലങ്ങളിലും കൂട്ടായ്മകളിലും നേതൃനിരയിൽ നില്ക്കുന്നവരും, അവയുടെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകിയവരുമാണ്. ആ കൂട്ടായ്മകളോട് അവർ ഇഴുകി ചേർന്നിട്ടുണ്ടായിരിക്കും. ഇവർ നാട്ടിൽ മലങ്കര കത്തോലിക്കാ സഭാംഗങ്ങളും, പുറത്ത് മറ്റ് സഭാംഗങ്ങളുമായി നിലകൊള്ളുന്നുണ്ട്. സഭയുടെ പുതിയ

സംവിധാനങ്ങൾ ഉണ്ടാകുമ്പോൾ, കഴിഞ്ഞ നാളുകളിലെ സാഹചര്യങ്ങൾ മാറിയപ്പോൾ, നമ്മുടെ മലങ്കര കത്തോലിക്കാ കൂട്ടായ്മകളിലേക്ക് തിരികെ വരുവാൻ സാധിക്കണം. ഇത് മലങ്കര കത്തോലിക്കാസഭാ മക്കളെന്ന നിലയിലുള്ള ഉത്തരവാദിത്വമാണ്. എന്തെങ്കിലും സ്ഥാനമാനങ്ങൾ നഷ്ടപ്പെടും എന്നതോ, വലിയ സമൂഹത്തിൽ നിന്നുമാറി ചെറിയ സമൂഹത്തിന്റെ ഭാഗമാകുന്നത് കുറവായോ കാണാൻ പാടില്ല. സത്യവിശ്വാസത്തിൽ അധിഷ്ഠിതമായ സഭാജീവിതമാണ് സർവ്വോത്കൃഷ്ടം. ഇങ്ങനെയുള്ള സഭാമക്കൾ എത്രയുംവേഗം നമ്മുടെ കൂട്ടായ്മയിലേയ്ക്ക് സന്തോഷത്തോടെ മടങ്ങി ദൈവികമായ അവരുടെ ദൗത്യം നിർവഹിക്കുന്നതിന് പരിശ്രമിക്കണം. മറ്റ് ആളുകളെയും നമ്മുടെ കൂട്ടായ്മയിലേക്ക് കൊണ്ടുവരുവാൻ പരിശ്രമിക്കുകയും വേണം. നമ്മുടെ മലങ്കരമക്കൾ ലോകത്തിന്റെ ഏതു ഭാഗത്തായാലും അവർക്ക് ആവശ്യമായ അജപാലന ശുശ്രൂഷ ലഭിയ്ക്കുന്നുവെന്ന് നാം ഉറപ്പുവരുത്തണം. അവർ യഥാർത്ഥ മലങ്കരകത്തോലിക്കാ സഭാംഗങ്ങളായി ജീവിക്കുന്നതിന് പരിശ്രമിക്കണം. മലങ്കരസഭാ ഇടവകകളോ മിഷൻ കേന്ദ്രങ്ങളോ ഇനിയും സ്ഥാപിതമായിട്ടില്ലാത്ത സ്ഥലങ്ങളിൽ നമ്മുടെ സഭാമക്കൾ അവരുടെ ആദ്ധ്യാത്മികവും അജപാലനപരവുമായ ആവശ്യങ്ങൾക്കായി അപ്പസ്തോലിക വിസിറ്റേറ്റേഴ്സായ അഭിവന്ദ്യ പിതാക്കന്മാരെ സമീപിക്കേണ്ടതും അവരുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്.

ഇപ്പോൾ നമുക്ക് ക്രമീകൃതമായ സംവിധാനങ്ങളുള്ള സ്ഥലങ്ങളുടെയും, ആ സ്ഥലങ്ങളിലെ ഇടവകകളുടെയും, ബ. വികാരിയച്ചന്മാരുടെയും, ഫോൺനമ്പറും അഡ്രസ്സും ഇതോടൊപ്പം വയ്ക്കുന്നു. നമ്മുടെ ഇടവകയിൽ നിന്നും ആരെങ്കിലും ഭദ്രാസനങ്ങളുടെ അതിർത്തിക്ക് പുറത്തേക്ക് താമസിക്കുന്നതിന് പോകുകയാണെങ്കിൽ ബ. വികാരിയച്ചന്മാർ അവർ പോകുന്ന സ്ഥലത്തെ ബ. വികാരിയച്ചന്റെയോ, അല്ലെങ്കിൽ, ചുമതലയുള്ള മറ്റ് ബ. വൈദികരുടെയോപേർക്ക് ഒരു കത്തും അവിടുത്തെ അഡ്രസ്സും നൽകി അവരെ അയയ്ക്കുവാൻ ശ്രദ്ധിക്കണം. ഇങ്ങനെ ചെയ്യാൻ സാധിച്ചാൽ ഈ വ്യക്തിയോ കുടുംബമോ ലക്ഷ്യസ്ഥലത്ത് എത്തുമ്പോൾ വേണ്ട സഹായങ്ങൾ ചെയ്യുവാനും, പുതിയ സ്ഥലത്ത് ബുദ്ധിമുട്ടുകൾ കൂടാതെ ഉൾച്ചേർക്കപ്പെടാനും ഇത് സഹായിക്കും. ഗൃഹാതുരത്വം അനുഭവപ്പെടാതെ

ലോകത്തിൽ എവിടെയായാലും ഒരു മലങ്കരക്കാരനായി വളരുന്നതിന് നമ്മുടെ മക്കൾക്ക് ഇത് അവസരം ഒരുക്കും.

ആറ് മാസത്തിൽ കൂടുതൽ ഭദ്രാസനങ്ങളുടെ അതിർത്തിക്കുപുറത്ത് താമസിച്ചിട്ട് ആരെങ്കിലും മാമോദീസാ, മൂറോനഭിഷേകം, ആദ്യകുർബ്ബാന സ്വീകരണം, വിവാഹം തുടങ്ങിയ കൂദാശകൾക്കായി നാട്ടിലെ മാതൃ ഇടവകകളിലെ ബ. വികാരിയച്ചന്മാരെ സമീപിക്കുകയാണെങ്കിൽ അവർക്ക് കൂദാശകൾ പരികർമ്മം ചെയ്തുകൊടുക്കുന്നതിന് കാനൻ നിയമം അനുശാസിക്കുന്ന പ്രകാരം അവർ താമസിക്കുന്ന സ്ഥലത്തെ നമ്മുടെ ബ. വികാരിയച്ചന്മാരുടെ ശുപാർശ കത്തില്ലാത്തപക്ഷം ഭദ്രാസനാദ്ധ്യക്ഷന്റെയോ, അപ്പസ്തോലിക് വിസിറ്റേറ്ററിന്റെയോ ശുപാർശ കത്ത് ആവശ്യപ്പെടേണ്ടതാണ്. ഈ ക്രമീകരണത്തെ ബ. വികാരിയച്ചന്മാരും വിശ്വാസികളും ഒരുപോലെ തുറന്നമനസ്സോടെ സ്വീകരിയ്ക്കണം. ഇതിന് വിപരീതമായി ഏതെങ്കിലും കാര്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അതിനുള്ള കാരണം കാണിക്കുവാൻ ബഹു. വികാരിയച്ചന്മാർ ബാധ്യസ്ഥരായിരിക്കും. 'മാതൃഇടവകയിലെ വിഹിതങ്ങൾ അവർ നൽകുന്നു, വർഷത്തിലൊരിക്കൽ അവർ ഇടവകയിൽ വരുന്നു, അവരുടെ മറ്റ് കുടുംബാംഗങ്ങളെല്ലാം സ്ഥലത്തെ ഇടവകക്കാരാണ് 'എന്ന് തുടങ്ങിയ വസ്തുതകൾ ഇക്കാര്യത്തിന് നീതീകരണമായി സ്വീകാര്യമല്ല.

ഭദ്രാസനങ്ങളുടെ അതിർത്തിക്കുപുറത്ത് ഇടവകകളിലോ മിഷൻ കേന്ദ്രങ്ങളിലോ താമസിക്കുന്നവർ അതാതു സ്ഥലങ്ങളിൽ ഇടവകാംഗങ്ങളായി തങ്ങളുടെ വിഹിതങ്ങൾ നൽകുന്നവരാണ്. അത് നാം ഉറപ്പാക്കുകയും വേണം. അങ്ങനെയുള്ളവർ അവധിക്കായി നാട്ടിൽ വരുമ്പോൾ, അഥവാ, ഏതെങ്കിലും കൂദാശാപരമായ കാര്യങ്ങൾക്ക് അതാതുസ്ഥലത്തെ ബ. വികാരിയച്ചന്മാരുടെയോ അംഗീകരിക്കപ്പെട്ട ബ. വൈദികരുടെയോ കത്തുമായി വരുമ്പോൾ, മാതൃഇടവകയിലും വിഹിതങ്ങൾ നൽകണം എന്ന് നിർബന്ധിക്കരുത്. നമ്മുടെ സഭാമക്കൾ എന്ന നിലയിൽ നമ്മുടെ ബ. വൈദികരുടെ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാകാര്യങ്ങളും ചെയ്തു കൊടുക്കുവാൻ ശ്രദ്ധിക്കണം. അവർ സ്വമേധയാ നാട്ടിലെ ഇടവകയ്ക്ക് നൽകുന്ന സംഭാവനകൾ സ്വീകരിക്കാവുന്നതാണ്; നിർബന്ധിച്ച് വാങ്ങരുത്.

ഭദ്രാസനങ്ങളുടെ, അതിർത്തിക്കുപുറത്ത് താമസിച്ചിട്ട് നാട്ടിൽ സ്ഥിരതാമസമാക്കാൻ ആഗ്രഹിക്കുന്നവർ തിരികെ വരുമ്പോൾ അവർ

താമസിക്കുന്ന സ്ഥലത്തെ ബ. വികാരിയച്ചന്റെ കത്തിൻപ്രകാരം, ഇട വകാംഗങ്ങളായി അവരെ സ്വീകരിച്ച് ആ നാൾമുതലുള്ള അജപാ ലന ശുശ്രൂഷനൽകുന്നതിന് ബ. വികാരിയച്ചന്മാർ കടപ്പെട്ടിരിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന നമ്മുടെ ബ. വൈദികരും സന്യസ്തരും മലങ്കര കത്തോലിക്കാസഭയുടെ സാന്നിദ്ധ്യത്തിനും ദൗത്യത്തിനും പ്രത്യേകമാംവിധം സാക്ഷികളാ ണ്. ഭദ്രാസന അതിർത്തിക്ക് പുറത്ത് മലങ്കര സഭാമക്കളുടെ നേരി ട്ടുള്ള ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ടിരിക്കുന്നവരും, അവിടെ സ്ഥിരതാമസക്കാരും, ആദ്ധ്യാത്മികമോ, അജപാലനപരമോ ആയ ആവശ്യങ്ങൾക്കായി അവിടുത്തെ നമ്മുടെ സഭാസമൂഹാംഗങ്ങളെ സന്ദർശിക്കുന്ന ബ. വൈദികരും, സന്യസ്തരും, എല്ലാവരും അതാത് സ്ഥലങ്ങളിലെ അപ്പസ്തോലിക് വിസിറ്റേറ്റർമാർക്ക് വിധേയരാണ്. സന്ദർശകരായാലും സ്ഥിരതാമസക്കാരായാലും അജപാലനപരമായ കാര്യങ്ങളിൽ അപ്പസ്തോലിക് വിസിറ്റേറ്റർമാരുടെ അനുവാദം വാങ്ങി യിരിക്കണം; പ്രസ്തുത അനുവാദം അവർ അതാത് സ്ഥലങ്ങളിലെ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും ശുശ്രൂഷ ചെയ്യുന്ന നമ്മുടെ ബ. വൈദികരോട് സഹകരിച്ചും ഉപയോഗിക്കണം. ഈ പ്രദേശങ്ങ ളിലെ സഭയുടെ കെട്ടുപണിയിലും വളർച്ചയിലും സംഘാതമായ ഉത്ത രവാദിത്വവും പ്രതിബദ്ധതയും നമുക്കുണ്ട്.

ലോകത്തിന്റെ വിവിധഭാഗങ്ങളിലായി കഴിയുന്ന നമ്മുടെ മലങ്ക രമക്കൾ, അവർ എവിടെയായാലും, തങ്ങളുടെ സ്വാധീനം, കഴിവ്, ധനസ്ഥിതി, അറിവ്, തുടങ്ങിയ എല്ലാ വിഭവ സ്രോതസ്സുകളും സഭ യുടെ വളർച്ചയ്ക്കുവേണ്ടിയും സമർപ്പിക്കണം. നാം, ഒറ്റപ്പെട്ട വ്യക്തി കളല്ല; ദൈവപരിപാലനയിൽ സഭാമക്കളാണ് എന്ന് നാം മനസ്സിലാ ക്കണം. നമ്മുടെ സഭയുടെ ഉന്നതിയ്ക്കും ലോകത്തിൽ അതിന്റെ ദൗത്യനിർവഹണത്തിനുമായി തന്നാലാവും വിധം പരിശ്രമിക്കുമെന്ന് ഓരോ സഭാംഗവും പ്രതിജ്ഞയെടുക്കണം. ദൈവവചനത്താൽ പ്രേരിതരായി ഓരോ വ്യക്തിയും തന്റെയും കുടുംബത്തിന്റെയും വിഭവശേഷിയുടെ ഒരു നിശ്ചിത ശതമാനം സഭാശുശ്രൂഷയ്ക്കും സഭയുടെ ഉപവി പ്രവർത്തനങ്ങൾക്കുമായി മാറ്റിവയ്ക്കണം.

നാം എവിടെ ആയിരുന്നാലും നമ്മുടെ സഭയുടെ വളർച്ചയ്ക്ക് ദൈവനിയോഗപ്രകാരം പ്രേഷിതരായി പ്രവർത്തിക്കുവാൻ നമുക്ക് കടമയുണ്ട് എന്ന വസ്തുത ഏവരും ഓർത്തിരിക്കേണ്ടതാണ്.

സഭയുടെ മുഖ്യധാരയിൽനിന്ന് വിദൂരങ്ങളിലായിരിക്കുന്നവർ എന്തോ തൊഴിൽ തേടി പോയവരെന്നല്ല സ്വയം മനസ്സിലാക്കേണ്ടത്. ദൈവത്താൽ നിയോഗിതരായ ദൈവവചനവാഹകരാണ് അവർ. സഭയുടെ കാനോനിക ഭൂപ്രദേശങ്ങളിൽ വസിക്കുന്ന നമ്മുടെ സഭാമക്കളുടെ ദർശനവും വിദൂരസ്തരായിരിക്കുന്ന വരുടെ സഭാത്മകജീവിതത്തിന് ഉത്തേജനം നൽകുന്നതായിരിക്കണം. "വിശ്വസിച്ചവരെല്ലാരും ഒരു സമൂഹമാവുകയും... അവർ ഏകമനസ്സോടെ താത്പര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു" (അപ്പ 2:44-47). ഈ ആദിമ ക്രൈസ്തവ സമൂഹത്തെപ്പോലെയുള്ള സഭാസമൂഹങ്ങളായി മലങ്കര കത്തോലിക്കാസഭയുടെ മുഖ്യധാരയിലും സഭാതിർത്തിക്കുപുറത്തും നമുക്ക് നിലകൊള്ളാം. അങ്ങനെ 'ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പുമായ (മത്താ 5:13-14) ഒരു 'ചെറിയ ആട്ടിൻകൂട്ടമായി' (ലൂക്കാ 12: 32) ലോകത്തിലെവിടെയും പരിലസിക്കുന്നതിന് നമുക്ക് ഇടയാകട്ടെ.

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹയുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി




12.06.2008
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# ADDRESS OF APOSTOLIC ADMINISTRATORS, PARISH PRIESTS & PARISHES IN THE EXTRA-TERRITORIAL REGIONS

## I. EXTRA TERRITORIAL REGION IN INDIA

His Excellency Most Rev. Dr. Jacob Mar Barnabas
Apostolic Visitator
Mar Ivanios Bhavan, Malankara Bishop's Residence
J Block-61-62, Paryavaran Complex,
IGNOU Road, Neb Sarai, New Delhi-110 068
Tel.& Fax: 011-29536525 (O), 011-64673600 (P), 09871493493(M)
E-mail: Office: mccetri@gmail.com
Personal: jacobmarbarnabas@gmail.com,

### A. Northern Region — Coordinator: Rev. Fr. Varghese Angadiyil

| | | |
|---|---|---|
| BHILAI (Chattisgarh) | St. Mary's Malankara Catholic Church<br>12 S1. 1-A, B-Sector,<br>Panchaseel Housing Society,<br>Borsi-Durg,<br>Bhilai - 491 001, Chattisgarh | Fr. Mathew Manaluvila OIC<br>Bethany Ashram, 12 S1. 1-A,<br>B-Sector,<br>Panchaseel Housing Society,<br>Borsi-Durg,<br>Bhilai - 491 001, Chattisgarh<br>Tel: 0788-2329949, 09893167393<br>jismommg@gmail.com |
| NAGPUR (Maharashtra) | Malankara Catholic Church<br>C/o St. Francis Xavier Church,<br>Temple Road, Sitabuldi, Nagpur.<br>Maharashtra | |
| BHOPAL (Madhya Pradesh) | St.Thomas Malankara Catholic Church<br>Malankara Bhavan<br>P.B.No.27, Shiksa Mandal P.O<br>Arera Hills, Bhopal-462 011,<br>M.P. | Fr. Thomas Malancharuvil<br>Malankara Bhavan, P.B.No.27,<br>Shiksa Mandal P.O, Arera Hills,<br>Bhopal-462 011, M.P.<br>Tel: 0755- 2555878, 09425300305.<br>malancharuvilfrboby@yahoo.co.in |
| CALCUTTA (West Bengal) | St. Jude Malankara Catholic Church, Bethany Ashram,<br>280- Diamond Harbour Road,<br>Thakurpukur P.O,<br>Kolkata-700 063.<br>West Bengal. | Fr. Jacob Dayanand OIC<br>Bethany Ashram, 280-<br>Diamond Harbour Road,<br>Thakurpukur, Kolkata-700 063. W.B.<br>Tel: 033 -24976473, 09433497073.<br>jacobdayanand@gmail.com |
| Delhi – SAKET | St.Mary's Malankara Catholic Church<br>150 Nebsarai, IGNOU Road,<br>Saket,<br>New Delhi – 110 068. | Fr. Varghese Angadiyil<br>Mar Ivanios Bhavan<br>Malankara Bishop's Residence<br>J-Block 61-62, Paryavaran Complex,<br>IGNOU- Road,<br>Neb Sarai, New Delhi-110068<br>Tel : 011-29536525, 09999299714<br>shinuang4@yahoo.com |

| | | |
|---|---|---|
| Delhi –<br>WEST DELHI | St. Thomas Malankara Catholic Church,<br>B- 1/52-53 , Church Road,<br>Sewakpark, Uttamnagar,<br>New Delhi-110 059 | Fr. Philips Vazhakunnath<br>St. Thomas Malankara Catholic Church,<br>B- 1/52-53 Church Road,<br>Sewakpark, Uttamnagar,<br>New Delhi-110 059.<br>Tel : 011-25336678, 09990225244.<br>frtojuvazhakunnathu@gmail.com |
| Delhi –<br>CENTRAL DELHI | Infant Jesus Malankara Catholic Church<br>C/o S.H.Cathedral,<br>Ashok Place,<br>New Delhi | |
| Delhi –<br>OKHLA | St. Jude Malankara Catholic Church,<br>C/o Church of Our Lady of Health,<br>Massigarh, Okhla,<br>New Delhi. | Fr. Ninan Chakkalapadickal<br>Mar Ivanios Bhavan<br>Malankara Bishop's Residence<br>J Block-61-62, Paryavaran Complex,<br>IGNOU Road, Neb Sarai,<br>New Delhi-110 068.<br>Tel : 011 -29536525, 09911293959<br>free2kindheit@yahoo.com |
| Delhi –<br>MAYUR VIHAR | St. George Malankara Catholic Church,<br>136 A, Pocket A-2,<br>Mayur Vihar, Phase 3,<br>Delhi-110 096. | Fr. Varghese Vinayanand OIC<br>Malankara Bhavan , 136 A,<br>Pocket A-2, Mayur Vihar, Phase 3,<br>New Delhi-110 096<br>Tel : 011-22616827, 09711054688<br>vinayoic@gmail.com |
| Delhi –<br>DILSHAD<br>COLONY | St. Antony's Malankara Catholic Church<br>F 70/1, Dilshad Colony,<br>Delhi- 110 095 | |
| GHAZIABAD<br>(Delhi-UP border) | Sacred Heart Malankara Catholic Church,<br>C/o St. Paul's Church,<br>Raj Nagar,<br>Ghaziabad, U.P. | |
| FARIDABAD<br>(Delhi-<br>Haryana border) | St. Mary's Malankara Catholic Church,<br>Malankara Bhavan,<br>D-2/ 48, Sector-10,<br>Faridabad-121 006, Haryana | Fr. Sam Pathackal<br>Malankara Bhavan, D-2/ 48,<br>Sector-10, Faridabad-121 006,<br>Haryana. Tel : 0129-4103368.<br>sampathackal@rediffmail.com |
| JAIPUR<br>(Rajasthan) | St. Mary's Malankara Catholic Church<br>17- Dharampark<br>Shyam Nagar – II, Ajmer Rd.<br>Jaipur- 302 019, Rajasthan | Fr. Sebastian Kochupurackal<br>Holy Angels, 17- Dharampark<br>Shyam Nagar – II, Ajmer Rd.<br>Jaipur- 302019, Rajasthan<br>Tel : 0141-2810599, 09799883839. |

<table>
<tr><td>LUDHIANA<br>(Punjab)</td><td>St. Mary's Malankara Catholic Church<br># 2449, Ajit Nagar,<br>Near Mini Rose Garden,<br>Ludhiana -141008, Punjab</td><td rowspan="2">Fr. James Mammoottil OIC<br>St. Mary's Malankara Catholic Church,<br># 2449, Ajit Nagar,<br>Near Mini Rose Garden,<br>Ludhiana -141008, Punjab<br>Tel : 0161-6540814.09780304270</td></tr>
<tr><td>JALANDHAR<br>(Punjab)</td><td>St.George Malankara Catholic Church,<br>C/o Sacred Heart Catholic Church,<br>Civil Lines, Near BMC Chowk,<br>Jalandhar -144 001,<br>Punjab</td></tr>
</table>

B. Southern Region Coordinator: Rev. Fr. Peter John OIC

<table>
<tr><td>AHMEDBAD<br>(Gujarat)</td><td>Syro Malankara Catholic Church,<br>C/o Mount Carmel Cathedral,<br>Mirzapur, Ahmedabad,<br>Gujarat</td><td>Fr. George Varghese OIC<br>Bethany Ashram,<br>Mary Matha Bethany Public School,<br>Fateh Nagar P.O,<br>Surat-394 220, Gujarat<br>Tel : 0261-2893050, 09427141835</td></tr>
<tr><td>Bangalore<br>MATHIKERE<br>(Karnataka)</td><td>St. Joseph's Malankara Catholic Church<br>462/A, 2nd Main Road,<br>1st 'B' Cross, M.K. Extension,<br>Mathikare,<br>Bangalore-560 054,<br>Karnataka</td><td>Fr. Mathew Perumbillikunnel<br>St. Joseph's Malankara Catholic Church<br>462/A, 2nd Main Road, 1st 'B' Cross,<br>M.K.Extension, Mathikare,<br>Bangalore-560 054, Karnataka<br>Tel : 080-23605687, 09449241432<br>fathermathew@gmail.com</td></tr>
<tr><td>Bangalore<br>HENNUR<br>(Karnataka)</td><td>St. Mary's Malankara Catholic Church<br>1823/1, 80ft.Road,<br>Hennur Main Road,<br>K.K. Halli, Kalyan Nagar Post,<br>Bangalore- 560 043,<br>Karnataka</td><td rowspan="2">Fr. Joseph Venmanath,<br>Fr. George Thomas Kouchuvilayil<br>Vicarius cooperators<br>Institute Of Oriential Canon Law,<br>P.G. Centre,<br>DharmaramVidya Kshetram,<br>Banglore -560 029, Karnataka<br>Tel : 080-41116300</td></tr>
<tr><td>Bangalore<br>SINGASANDRA<br>(Karnataka)</td><td>St. John's Malankara Catholic Church<br>5/43/2-343, Arthinari Layout,<br>Singasandra, Off. Hosa Road,<br>Hosur Road,<br>Bangalore- 560 100,<br>Karnataka</td></tr>
<tr><td>BARODA<br>(Gujarat)</td><td>Malankara Catholic Church<br>Rosary Cathedral Church<br>Pratapgunj,<br>Baroda- 390 002, Gujarat</td><td>Fr. Varghese Valikodathu<br>Rosary Cathedral Church<br>Pratapgunj, Baroda- 390 002<br>Gujarat. Tel : 09428429249<br>valikkodath@gmail.com</td></tr>
</table>

| | | |
|---|---|---|
| CHENNAI (Tamilnadu) | St. Thomas Malankara Catholic Church<br>Maria Nagar, Padi,<br>Chennai- 600 050. Tamilnadu.<br>Sub Station: Malankara Catholic Church, C/o Our Lady of Assumption,<br>Near Police Station, Thiruvottiyur,<br>Chennai -600 019, Tamilnadu | Fr. Johnson Parackal<br>Tel : 09444155559<br>Fr. Mathew Puthenpurackal,<br>*Vicarius cooperator*<br>Fr. Justin Nullikadu C.<br>*Vicarius cooperator*<br>Tel : 09486133698<br>St. Thomas Malankara Catholic Church, Maria Nagar, Padi,<br>Chennai- 600 050. Tamilnadu<br>Tel : 044-26357795 |
| HYDERABAD (Andhra Pradesh) | Mother Mary Malankara Catholic Church, Plot. No.16,<br>H.No.3-6-169, Picket,<br>Secunderabad- 500 026<br>Andhra Pradesh | Fr. Paul Mathew OIC<br>Mother Mary Malankara Catholic Church<br>Plot. No.16, H.No.3-6-169, Picket,<br>Secunderabad- 500 026,<br>Andhra Pradesh<br>Tel : 040-27718301, 09390055825<br>paulmathewoic@yahoo.co.in |
| | | Fr. Joseph Vattaparampil OIC<br>Director- Karunalaya,<br>HyderabadBethany Karunyalaya,<br>Bethany Nagar, Cherlappally P.O.<br>R.R.Dist. A.P.- 500 130<br>Tel : 040-55900496 |
| Mumbai SAKINAKA (Maharashtra) | St. Mary's Malankara Catholic Church<br>No.18095, Pipeline Road,<br>Sakinaka, Mumbai 4000 72,<br>Maharashtra | Fr. Peter John OIC<br>Bethany Ashram, P.B. No.18095,<br>Pipeline Road, Sakinaka,<br>Mumbai 4000 72, Maharashtra<br>Tel : 020-28521121, 09967285360 |
| Mumbai VIKHROLI (Maharashtra) | Holy Family Malankara Catholic Church<br>149/2533, Tagore Nagar,<br>No.5, Vikhroli East,<br>Mumbai – 400 083, Maharashtra | |
| Mumbai THANE (Maharashtra) | St. Thomas Malankara Catholic Church<br>4/ 30, M.H.B. Colony,<br>Vartak Nagar, Thane,<br>Mumbai 400 606, Maharashtra | Fr. Ani Zacharia OIC<br>Bethany Ashram, 4/ 30,M.H.B. Colony, Vartak Nagar, Thane,<br>Mumbai 400 606, Maharashtra<br>Tel : 022-25855107, 09920662079 |
| Mumbai ULHASNAGAR (Maharashtra) | St. Joseph Malankara Catholic Church<br>Vadolgaon, O.T. Section, Opp.<br>Gulraj Tower, Ulhasnagar-3<br>Mumbai | |

| | | |
|---|---|---|
| Mumbai KHARGHAR (Maharashtra) | St. Mary's Malankara Catholic Church Sector 5, Plot No. 28 Kharghar, Navi Mumbai-410 210, Maharashtra | Fr. Joseph PhilipOIC Bethany Ashram, 4/ 30, M.H.B. Colony, Vartak Nagar, Thane, Mumbai 400 606, Maharashtra Tel : 022-25855107, 09869349552 |
| Mumbai BARC (Maharashtra) | St. Mary's Malankara Catholic Church Anushakti Nagar, Mumbai-400 094, Maharashtra | |
| Mumbai VASAI ROAD (Maharashtra) | St. John the Baptist Malankara Church Plot No. 142, Barampur, Fr. Agnelo Road, Manikpur, Vasai Road West, Thane – 401 202, Maharashtra | Fr. Jacob Varghese OIC Bethany Ashram, P.B. No.18095, Pipeline Road, Sakinaka, Mumbai 400 072, Maharashtra Tel : 022-28521121, 09833554278 |
| Mumbai BORIVILI (Maharashtra) | St. Thomas Malankara Catholic Church Hanuman Nagar Road, Behind RBI Quarters, Kanderpad, Dahisar West, Mumbai- 400 068, Maharashtra | |
| Mumbai BOISAR (Maharashtra) | Malankara Catholic Community, Tarapur, Boisar, C/O St. John the Baptist Malankara Catholic Church, Vasai Road West. Mumbai | |
| Mumbai MALAD (Maharashtra) | St. Mary's Malankara Catholic Church Marve Road, Rathodi Village, Opp. Bulbul Nest, Malad West, Mumbai – 400 095, Maharashtra | |
| NASIK (Maharashtra) | St. Thomas Malankara Catholic Church Plot No. 97/98, Khudwal Nagar, Kamatwada, Nasik- 422 009 Maharashtra | Fr. George Alummoottil St. Thomas Malankara Catholic Church, Plot No. 97/98 Khudwal Nagar, Kamatwada, Nasik- 422 009 Maharashtra Tel : 0253-2396855 georgealummoottil@gmail.com |
| AURANGABAD (Maharashtra) | St. Mary's Malankara Catholic Church SFS Compound, Jalna Road, Aurangabad, Maharashtra. | |

| | | |
|---|---|---|
| Pune KALEWADI (Maharashtra) | Holy Redeemer's Malankara Catholic Church<br>Vijay Nagar, Kalewady,<br>Pune 411 017,<br>Maharashtra | Fr. Benedict Kaniyantayyathu OIC<br>Bethany Ashram Pimpri, Kalewady<br>Pune 411 017, Maharashtra<br>Tel : 020-27272638, 09850336325 |
| Pune DEHU ROAD (Maharashtra) | St. Joseph's Malankara Catholic Church<br>Meena Colony, Kiwale,<br>Dehu Road, Pune-411 021,<br>Maharashtra | |
| Pune CHINCHUWAD (Maharashtra) | Malankara Catholic Church<br>C/o Holy Redeemer's Malankara<br>Catholic Church, Kalewadi | |
| Pune KHADKI / KIRKEE (Maharashtra) | St. Mary's Malankara Catholic Church<br>Bethany Ashram,<br>51 Aundh Road (Bhau Patil Road),<br>Khadki, Pune- 411 020,<br>Maharashtra | Fr. Joseph Menakaliekkal OIC<br>Bethany Ashram, Pimpri,<br>Kalewady, Pune 411017,<br>Maharashtra<br>Tel : 020-27272638, 09763879871 |
| Pune WARJE MALWADI (Maharashtra) | St. Mary's Malankara Catholic Church<br>Mumbai-Banglore Highway, Warje,<br>Pune - 411 052.<br>Maharashtra | |
| Pune VISHRANTWADI (Maharashtra) | St. Antony's Malankara Catholic Church<br>Plot No. 41, Moze Nagar,<br>Yerwada, Pune -411 006,<br>Maharashtra | Fr. Varghese Thykoottathil OIC<br>Bethany Ashram,<br>Ramwadi P.O. P.B. No.3018,<br>Pune - 411 014,<br>Maharashtra<br>Tel : 020-27031794, 09923558965 |
| Pune VADGAONSHERI (Maharashtra) | St. Jude Malankara Catholic Church<br>56/3 Balaji Nagar,<br>Vadgaonshere, Pune- 411 014,<br>Maharashtra | |
| SURAT (Gujarat) | St. Mary's Malankara Catholic Church<br>Mary Matha Bethany Public School,<br>Fateh Nagar P.O,<br>Surat-394 220, Gujarat | Fr. Mathew Modiyil OIC<br>Bethany Ashram, Mary Matha<br>Bethany Public School,<br>Fateh Nagar P.O, Surat-394 220,<br>Gujarat<br>Tel : 0261-2893050, 09428390575<br>mmodiyil@yahoo.com.in |

## II. EXTRA TERRITORIAL REGION OUTSIDE INDIA

His Excellency Most Rev. Joseph Mar Thomas
Mar Ivanios Malankara(Bishop's House) Centre
950 Hillside Ave, New Hyde Park,
New York – 11040
Tele: 516-233-1656(O), Fax No. 516-616-0727
Bishop's Personal Tel: 516-775-4964 (O),
347-752-2765 ©, 91- 94470 53175 ©
E Mail – josephmarthomas@yahoo.com

### A. Address of the Vicars of the Malankara Missions

1. Rt. Rev. Geevarghese Mannikkarottu Corepiscopo
   1224 Man, St.Garland, TX 75040
   Tel: 712-276-1807, 214-392-2914©
   Mission: Dallas

2. Fr. Antony Padipurackal OIC
   Church of St. Joseph
   130 Fifth Street, Garden City,
   NY 11530, Tel: 718-869-6069 ©
   Mission: Queens

3. Rev.Fr. Cherian Mambrakuzhiyil
   44 Broadway Ave Toronto, Ontario
   M4P IT 4, Canada,
   Tel: 416-544-1946 Fax: 416-483-2630
   Mission: Toronto, CANADA

4. Rev. Fr. Koshy Chirakkarottu
   32000 Mound Rd, Warren,
   MI 48092
   Tel: 586-264-0713, 586-744-0925
   Fax: 586-264-0718
   Mission: Detroit

5. Rev. Fr. Jacob George
   7401 Buchanan St.
   Landover Hills, MD 20784
   Tel: 301-875-9273, 301-306-4949
   Mission: Washington

6. Rev. Fr. John Karavila
   8201-13th Ave.
   Brooklin, NY 11228
   Tel: 718-259-6164, 347-406-1977
   Fax: 718-236-5883
   Mission: New Jersey

7. Rev.Fr. Joseph Nedumankuzhiyil
   St. Vincent de Paul Church
   1500 de Paul Street
   Elmont, NY 11003
   Tel: 516-352-2127, 845-553-4425©
   Fax: 516-352-2358
   Mission: Long Island

8. Rev. Fr. Joseph Sundaram
   9220 Old Bustleton Ave,
   Philadelphia, PA 19115
   Tel: 215-673-8127, 267-779-1268©
   Fax: 215-673-6597
   Mission: Philadelphia

9. Rev. Fr. Joy Mankulam
   75Lispenard Ave
   New Rochelle, NY 10801
   Tel: 914-636-4856, 914-576-2313
   Fax: 914-636-8474
   Mission: Rockland

10. Fr. Augustine Mangalath
41 Alling St, West Haven, CT 06516
Tel: 203-934-1871, 203-444-8542©
Fax: 203-931-9416
Mission: New Rochelle

11. Rev. Fr. Thomas Mukaluvila
10330 Hillcroft Street Houston,
TX 77096
Tel: 713-333-3511, 281-840-7426
Fax: 713-729-3294
Mission: Houston

12. Fr. Saji George Mukkoot
1208 Ashland Ave
Evaston, IL 60202
Tel: 917-673-5318, 847-332-1794©
Mission: Chicago

13. Rev. Fr. Mathew Joel OIC
St. Patric Catholic church
3716 Garden Ave,
Miami Beach Florida 33140
Tel:  305 525 2186
Mission: Florida

B. Malankara Catholic Priests in American Dioceses

1. Rev. Peter Kochery
4215 Highway 9 North
Howell, NJ 07731
Tel: 732 363 4200©, 732 364 6484

2. Rev. Bonaventure
35 North Service Road
Dixhills, NY 11746
Tel: 551 358 7329©, 631 493 0585

3. REV. FRANCIS A. SAMUEL
39 North Carll Avenue
Babylon, NY 11702
Tel: 631 376 1625

4. Rev.  George Oonnoonny
St. Stephen's Church
142 E 29th street
NY 10016
Tel: 718 710 9897©

5. REV.  ISAAC KAROOR
4795 Ilchester Road
Ellicott City, MD 21043
Tel: 410 744 3181

6. REV. JOHN MATHEW
318-26th Street
McKeesport, PA 15132
Tel: 412 664 3020

7. Rev. Jose Charivupurayidam
3000 N. Lompa Lane
Carson City, NV 89706
Tel: 775 623 0196

8. Rev. Jose Valliparampil
2003 Woody Drive, 3
Billings, MT 59102
Tel:

9. REV. JOSE P. ISAAC
350 Melarky Street
Winnemucca, NV 89445
Tel: 775 623 2928

10. REV. JOSE MANIYANGAT
P.O. Box 1120
MacClenny, FL 32063
Tel: 904 259 6414

11. REV. PAUL VELLAKUNNATH
PO Box 117, 19M41 Hwy # 3
Wainfleet, Ontario L0S 1V0
CANADA
Tel: 905 899 3423

12. REV. SHAJI THOMAS
750 Bright Road
Findlay, OH 45840
Tel: 419 420 8988, 516 312 5206©

13. Rev.Fr. DOMINIC SAVYO
Historic Church of St. Patrick
130 Avondale Ave
Toledo, OHIO 43604
Tel: 419 699 3498

14. Rev. THOMAS BABU
350 Melarky Street
Winnemucca, NV 89445
Tel: 775 753 0939

15. REV. FR. PHILIP GEORGE MARUTHOORKANDATHIL
St.Paul's residence
201 Main street, Ottowa
ON, Canada K1S 5T8
Tel: 613 236 3131 –Ext 6112

16. REV. BABU MICHAEL OIC
137 Grundy Ave
Holbrook,NY 11741
Tel: 631 560 5484

17. REV. ABRAHAM KULATHUMKAL
3025 Grand Concourse
Bronx, NY 10468
Tel: 646 575 2819

18. REV. GEORGE MARAMKANDOM
331 E Second Street
Delphos, OH 45833
Tel: 419 979 8262

19. REV. JACOB JOHN
686 Mayfair Street
Philadelphia, PA 19120
Tel: 267 971 4260

20. REV. FR. JOHN NEDUMCHERIL
9500 Banner
Taylor, MI 48180
Tel: 586 489 5282

21. REV. FR. MATHEW MANALEL

22. FR.P.T. THOMAS.
Tel.: 708 636 0299

23. FR. MATHEW CHARTHAMKUZHY
Tel: 281-840-7426

24. FR.SUNIL
Tel: 4196993498

25. FR. KOSY GEORGE
Tel: 8453592890

## C. Region of Europe

**Pastoral Council Members**

Chairman and President : His Excellency
Most Rev. Dr. Joseph Mar Thomas
Apostolic Visitator and Administrator
Tel.001-516-775-4964

**a. Germany**

| | | |
|---|---|---|
| Chaplain | : | **Rev.Fr. Santhosh Thomas Koickal**<br>Room no.s412<br>Kolleg Sankt Georgen,<br>Offenbacher Landstr.244.<br>D-60599, Frnkfurt am Main - Germany<br>Tel.0049-69-6061976 |
| Pasoral Council Vice Presidents | | |
| | : | Mr. George Mundethu<br>Lorelie Str. 22 b,<br>65929 Frankfurt \| M, Germany<br>Tel. 0049-69-5602774 |
| | : | Mrs. Ammini Mathew Mullasseril<br>Muehlen Str. 60, 47198 Diusburg,<br>Germany, Tel. 020660468881 |
| Secretary | : | Mr. George Varghese Ottathengil<br>Ziegel Str.1, Castrop-Rauxel,<br>Germany, Tel. 02305-544065 |
| Joint Secretary | : | Mr. Rajamany Issac<br>Liselotte Str. 23, Germany<br>Tel. 06221-470149 |
| Synodal Consultants | | |
| | : | Rev. Sr. Mary Sosamma OSS<br>Heilig Geist Schwestern,<br>Pfarrer- Bendel –Weg 2<br>61462 Konigstein – Mamolshain/ TS<br>Tel. 06173 – 956050/ 921750 |
| | : | Mr. Jacob Mathew<br>Brunnen Str. 8, 53347 Alfter – Oedekove<br>Tel. 0228-216179,<br>E-mail: Jacob@jtils.com |

1. Bonn/ Koln (Mission)

| | | |
|---|---|---|
| Contact Person | : | Mr. Koshy Skariah<br>Ansgar Str. 60, 51107 Koln,<br>Tel. 02175-98339<br>E-mail:askaria1964@yahoo.de |

| | | |
|---|---|---|
| 2. Krefeld | | Mr. Philip Vattasseril,<br>Hosten Allee 9, 40721 Hilden,<br>Tel. 02103- 53838<br>E-mail: vattasseril@hotmail.com |
| 3. Herne/ Dortmund | | Mr. George Varghese Ottathengil,<br>Ziegel Str.1, 44575 Castrop Rauxel,<br>Tel.02305-544065<br>E-mail: ottathengil@web.de |
| 4. Heidelberg/ Stuttgart | | Mr. Rajamani Isaac,<br>Liselotte str. 23, 09123 Heidelberg,<br>Tel. 06221-470149 |
| 5. Frankfurt | | Mr. George Mundethu,<br>Lorelei str.22 b, 65929 Frankfurt (M),<br>Tel. 069-5602774,<br>E-mail: gmundeth@gmx.net |

***b. Italy***

**Pastoral Council Member**

| | | |
|---|---|---|
| | : | V. Rev. Fr. Johnson Kaimalayil<br>Congregation for the orintal churches(via)<br>Della Concellazione,34,00193Rome, Italy,<br>Tel:0039-3473736943 |

***c. Switzerland***

| | | |
|---|---|---|
| 1. Zurich | : | Rev. Fr. Thomas Kuruvila Cheruthone OIC<br>Kath. Pfarrant – Herz- Jesu Oerlikon<br>Schwammendingen Str.55, 8050 Zurich<br>Tel. 0041- 44-3156563 |
| 2.Bern | : | Rev. Fr. John Sankarathil<br>Tel.0041-264925094 |

***d. Britain***

| | | |
|---|---|---|
| 1. London | | |
| Contact Persons | : | Rev. Fr. Louis Charuvila Puthenveettil<br>Naamseetrat40,3000 Leuven,Belgium.<br>Tel. 0032-488562090<br>OR<br>Mr. Santhosh Mathew IAS<br>(Member of the SCPCFOI)<br>Institute of Development Studies,<br>University of Sussex, Brighton,<br>BNI 9 RE, Tel. 0044 -1273606261 |

| D. Region of Middle East | Coordinator: Rev. Fr. Mathew Punakulam |
|---|---|
| **Mission : Doha, Bahrain** | **Rev. Fr. Mathew Punakulam**<br>St. Mary's Malankara Catholic Church<br>P.O. Box. 12230, Doha, Qatar<br>Tel. 009 74 44 26 375, 009 74 4426375 (F) |
| **Mission : UAE** | **Rev. Fr. Peter Kadamankod OIC**<br>St. Francis of Assisi Church<br>P.O.Box:72715, Jabel Ali. UAE<br>Tel. 00971507251108,<br>E-mail: kdmnkd@yahoo.com |
| **Mission: Muscat, Salalah** | **Rev. Fr. Christudas OIC**<br>Holy Spirit Catholic Church<br>Ghala, P.O. Box - 371, Postal Code 1215<br>Madinat, Al Sultan 2AB 00S, Muscat<br>Sultanate of Oman<br>Tel: 00968 2459 46 56; 2459 03 73<br>Fax: 24502513 |

**Address of Mission Centres in Middle East**

| | | | |
|---|---|---|---|
| **1.** | **Doha** | : | St. Mary's Malankara Catholic Church,<br>P.O.Box : 12230, Doha, Qatar |
| **2.** | **Behrain** | : | Sacred Heart Malankara Community,<br>Manama, Behrain |
| **3.** | **Abu-Dhabi** | : | St. Joseph Malankara Community,<br>Abu-Dhabi, UAE |
| **4.** | **Dubai** | : | St. Mary's Malankara Community,<br>Dubai, UAE |
| **5.** | **Sharjah** | : | St. Michael's Malankara Community,<br>Sharjah, UAE |
| **6.** | **Al Ain** | : | St. Mary's Malankara Community,<br>Al Ain, UAE |
| **7.** | **Fujairah** | : | Our Lady of Perpectual Help<br>Malankara Community, Fujairah, UAE |
| **8.** | **Ruwi** | : | Sts. Peter & Paul Malankara Community,<br>Ruwi (Muscat), Sultanate of Oman. |
| **9.** | **Ghala** | : | Holy Spirit Malankara Community,<br>Ghala (Muscat), Sultanate of Oman. |
| **10.** | **Salalah** | : | St. Francis Xavier Malankara Community,<br>Salalah, Sultanate of Oman |
| **11.** | **Kuwait** | : | KMRM (The Malankara Community, C/O, Bishop's<br>Office, P.O. Box 266, 13003 Safat, Kuwait |